<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>
<u>ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം</u>
<u>നഗരാസൂത്രകയുടെ നടപടിക്രമം</u>

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം തിരുവനന്തപുരം - തിരുവനന്തപുരം നഗരസഭയിൽ ആറ്റിപ്ര വില്ലേജിൽ ഹോസ്റ്റൽ കെട്ടിടം നിർമ്മാണം- ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

സൂചന:- തിരുവനന്തപുരം നഗരസഭയുടെ 22.01.2021 ലെ ZAE-4398/2020 (ZAE/BA/301/2020) നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ TCPTVM/220/2021-D, തീയതി22/03/2021</u>**

തിരുവനന്തപുരം നഗരസഭയിൽ ആറ്റിപ്ര വില്ലേജിൽ റീ- സ ർവ്വേ നമ്പർ 312/1 ൽഉൾപ്പെട്ടുന്ന 8100 sq.m സ്ഥലത്തു 980.36 ച.മി വിസ്തൃതിയിൽ Ground Floor, 937.77 ച.മി വിസ്തൃതിയിൽ First Floor. 937.77 ച.മി വിസ്തൃതിയിൽ Second Floor, 57.86 ച.മി വിസ്തൃതിയിൽ Terrace floor ഉൾപ്പടെ ആകെ 2913.76 ച.മി വിസ്തൃതിയിൽ ഗ്രൂപ്പ് എ 2 വിഭാഗത്തിൽ ഉൾപ്പെട്ടുന്ന ഹോസ്റ്റൽ കെട്ടിടം നിർമിക്കുന്നതിനുള്ള ലേഔട്ട് അംഗീകാരത്തിനായി Rev.Fr.Joseph Pereira, Fr.Andrews Cosmos, എന്നിവർ ചേർന്ന് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു

**<u>നിബന്ധനകൾ</u>**

1. നിർദ്ദിഷ്ട നിർമ്മാണം കെ.എം.ബി.ആർ 2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം
2. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ. അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ വരുത്തിയിരിക്കണം
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പ വരുത്തിയിരിക്കണം.
4. നിർമ്മാണസ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്
5. 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം / അനുബന്ധഭേദഗതി എന്നിവ പ്രകാരം അനുവദനീയ മാണെന്ന് ഉറപ്പ വരുത്തേണ്ടതുമാണ്.
6. സ്വാഭാവിക ജലനിർഗ്ഗമനമാർഗ്ഗങ്ങൾ അടഞ്ഞു പോകരുത്
7. നിർദ്ദിഷ്ട ലേഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നൽകിയിരിക്കണം . പ്രസ്തുത ലേഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴ വെള്ളം/മലിനജലം) പരിസരവാസി കൾക്ക് ദോഷമുണ്ടാക്കരുത്
8. നിർമ്മാണം കെ.എം.ബി.ആർ. 2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
9. Pollution Control Board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

10. ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
11. പ്ലാനിൽ നൽകിയിട്ടുള്ള വിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിംഗ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിംഗിനായി മാറ്റി വച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
12. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെയ സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിയ്ക്കരുത്
13. കെ.എം.ബി.ആർ. 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
14. കെ.എം.ബി.ആർ. 2019 ചട്ടം 34 പ്രകാരം ആവശ്യമായ ശുചീകരണ സൗകര്യങ്ങൾ കെട്ടിടത്തിൽ നൽകിയിട്ടു ണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
15 കെട്ടിടത്തിനാവശ്യമായ അക്സസ് റോഡ് തടസ്സം കൂടാതെ ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിൽ ലഭ്യമാണെന്ന് രേഖകളും സ്ഥലവും പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.
16 ഇന്ററിം ഡെവലപ്മെന്റ് ഓർഡറിലെ സെക്ഷൻ 5.2.2 ൽ പറയുന്ന നിബന്ധനകൾ പാലിച്ചുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്ന തിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണചട്ടങ്ങൾക്കനുസൃത മായ നിർമ്മാണ അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>10/2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ (ഒരു സെറ്റ് )ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

Signature Not Verified
Digitally signed by Jayasree V K
Date: 2021.03.22 11:48:45 IST
Reason: Approved

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

പകർപ്പ് : (അറിവിലേയ്ക്കായി)

1.Rev. Fr. Joseph Pereira, Fr.Andrews Cosmos
Jubilee Memorial Hospital
Palayam,
VikasBhavan P.O.
Thiruvananthapuram-33

2. കരുതൽ ഫയൽ